## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *101 13.06.2013-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ.ഷംസുദ്ദീൻ<br>,, എൻ.എ.നെല്ലിക്കുന്ന് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് റോഡുകൾ റീടാറിംഗ് നടത്തി ഗതാഗത ക്ഷമമാക്കിയാലുടൻ മറ്റ് വകുപ്പുകളുടെ നേതൃത്വത്തിൽ അവ കുഴിച്ചും, ഓടകളും, നടപ്പാതയും പൊളിച്ചും ഉപയോഗശൂന്യമാക്കുന്ന പ്രവണത പരിശോധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്.ദേശീയപാതാ വിഭാഗത്തിൽ ഉപരിതല മെച്ചപ്പെടുത്തലിനു ശേഷം ഉടൻ തന്നെ ടി റോഡുകൾ കുഴിക്കാനും ഓടകളും നടപ്പാതകളും വെട്ടിപ്പൊളിക്കാനും സാധാരണയായി അനുവദിക്കാറില്ല. ചില ഒഴിച്ചുകൂടാൻ പറ്റാത്ത സന്ദർഭങ്ങളിൽ മാത്രമേ ഇങ്ങനെ റോഡ് വെട്ടിപ്പൊളിക്കാൻ അനുവദിക്കാറുള്ളൂ. (ഉദാഹരണത്തിന് പൈപ്പ്, ഡ്രെയിനേജ് മുതലായവ റോഡുകളിൽ പൊട്ടുമ്പോൾ)<br>കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ റോഡുകളുടെ നവീകരണത്തിന് മുൻപ് മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കായി കുഴിക്കുന്നതിന് സൗകര്യം ചെയ്തു കൊടുത്തിരുന്നു. എങ്കിലും ചില അടിയന്തിര ഘട്ടങ്ങളിൽ ടാറിംഗ് നടത്തിയ റോഡുകൾ, കുഴിക്കേണ്ടതായും, ഓടകൾ, നടപ്പാതകൾ എന്നിവ പൊളിക്കേണ്ടതായും വന്നിട്ടുണ്ട്. |
| (ബി) റോഡിലൂടെ കേബിൾ, പൈപ്പ് ലൈൻ, ഡ്രെയിനേജ് എന്നിവ സ്ഥാപിച്ചിട്ടുള്ള വകുപ്പുകളെ ഏകോപിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (ബി) റോഡിലൂടെ കേബിൾ, പൈപ്പ് ലൈൻ, ഡ്രെയിനേജ് എന്നിവ സ്ഥാപിച്ചിട്ടുള്ള വകുപ്പുകളുടെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള സമിതികൾ ഇതിനായി പ്രവർത്തിച്ചു വരുന്നു. കൂടാതെ ജി.ഒ.(എം.എസ്) നം.12/13/ പൊ.മ.വ തീയതി 23.01.2013 പ്രകാരം ഇത്തരം പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കേരള റോഡ് ഫണ്ട് ബോർഡിനെ നോഡൽ ഏജൻസിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>കെ.എസ്.ടി.പി ചെയ്യുന്ന എല്ലാ റോഡ് നിർമ്മാണ പ്രവൃത്തികളും തുടങ്ങുന്നതിനു മുമ്പ് KWA, KSEB, BSNL മുതലായ യൂട്ടിലിറ്റി |

വകുപ്പുകളെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങുമെന്ന് മുൻകൂട്ടി അറിയിക്കാറുണ്ട്. കെ.എസ്.ടി.പി രണ്ട് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാറിൽ തന്നെ പൈപ്പ് ലൈനുകളും, ഇലക്ട്രിക് ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള ജോലികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നതിനുള്ള പൈപ്പുകളും, ഇലക്ട്രിക് സാധനങ്ങളും കെ.എസ്.ടി.പി തന്നെ നേരിട്ട് വാങ്ങി ഈ റോഡ് പണി ചെയ്യുന്ന കരാറുകാരനെ കൊണ്ടാണ് മാറ്റി സ്ഥാപിക്കുന്നത്. ഈ പ്രവൃത്തികൾ നേരിട്ട് നിരീക്ഷിക്കുന്നതിന് ഒരു നോഡൽ ഉദ്യോഗസ്ഥനെ കെ.എസ്.ടി.പി നിയമിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ വേളയിൽ ബന്ധപ്പെട്ട വകുപ്പുകളുമായി നിരന്തരം ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കൽ പെട്ടെന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രധാന റോഡുകളുടെയും, നാഷണൽ ഹൈവേകളുടെയും നിർമ്മാണ വികസന ഘട്ടങ്ങളിൽ മറ്റു വകുപ്പുകളുടെ ആവശ്യത്തിനായി പ്രത്യേകം ഗാലറി സ്ഥാപിക്കുകയും, ചെലവ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ഈടാക്കുകയും ചെയ്ത് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമോ ; വിശദമാക്കുമോ ?

(സി) നിരത്തുകളും പാലങ്ങളും, ദേശീയപാതാ വിഭാഗത്തിലും കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കുന്ന നഗര റോഡ് വികസന പദ്ധതികളിലും റോഡുകളുടെ നിർമ്മാണ ഘട്ടങ്ങളിൽ തന്നെ സ്ഥല ലഭ്യതയനുസരിച്ച് കേബിൾ, പൈപ്പ് ലൈൻ, ഡ്രെയിനേജ് എന്നിവ സ്ഥാപിക്കുന്നതിനുള്ള യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ